മിസ്റ്റർ ജോസ് കെ. വട്ടിസ് : ഗവമ്മേണ്ട് ഇതു് ഒരു കമ്പ്ലെയിൻറ് ആയി സ്വീകരിക്കാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : സാദ്ധ്യമല്ല. I want notice.

മിസ്റ്റർ പി. മാണി : പോലീസ് ഡിപ്പാർട്ടുമെണ്ടിൻെറ നിയന്ത്രണത്തിലല്ലേ ബസ്സ് സർവീസ് നടത്തുന്നതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അതെ.

മിസ്റ്റർ പി. മാണി : അപ്പോൾ അവക്കു കമ്പ്ലെയിൻറ് ചെയ്യാൻ സാദ്ധ്യമല്ലെന്നറിഞ്ഞുകൂടേ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അറിഞ്ഞുകൂടാ.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : ആക്ഷേപം പറയ്പ്പെടാൻ ഇടയുണ്ടെന്നറിയാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ആക്ഷേപം പുറപ്പെടുകയുണ്ടായിട്ടില്ല.

മിസ്റ്റർ പി. മാണി : ആക്ഷേപം പുറപ്പെടുവിച്ചാൽ അവർക്കു പോലീസുകാരിൽനിന്നു് ഉപദ്രവമുണ്ടാകുമെന്നു സംശയമില്ലേ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഉണ്ടാകണമെന്നില്ല.

Mr. S. P. Luiz (*Nominated*) : Is the Government aware that much nuisance is created to the public by petty police constables by stopping the buses at every station other than the marked place.

Mr. B. V. K. Menon (*Secretary to Govern ent*): We are not aware.

Mr. S. P. Luiz (*Nominated* : Will the Government be pleased to go into it.

Mr. B. V. K. Menon (*Secretary to Government*): If there is any complaint, certainly we will look into it.

TRICHUR—KANDASSANKADAVU BUS SERVICE

223. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട ഗവമ്മേണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ കണ്ടശ്ശാംകടവു് ലൈൻബസ്സുകൾ വേണ്ടത്ര ഓടാത്തതുകൊണ്ടു് യാത്രക്കാരുടെ ബുദ്ധിമുട്ടുകളെ കാണിച്ചു ഗവമ്മേണ്ടിലേക്കു് എത്ര ഹർജികൾ ലഭിച്ചിട്ടുണ്ടു് ;

(ബി) യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ തീർക്കുന്നതിനു് എന്തു നടപടിയാണു് ഗവമ്മേണ്ടു് എടുത്തിട്ടുള്ളതു് ;

(സി) ഈ ഹർജികളെ സംബന്ധിച്ചു ഗവമ്മേണ്ടു് അന്വേഷണം നടത്തിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) ഹർജികൾ ഒന്നും കിട്ടിയിട്ടില്ല.

(ബി) യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ തീർക്കാൻ ഒരു ബസ്സുകൂടി കൂടുതലായി ആ ലയിനിൽ ഓടിക്കാൻ അനുവദിക്കുകയും അപ്രകാരം കൂടുതൽ ബസ്സു് ഓടുന്നതും ഉണ്ടു്.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു് : ഇതിനെപ്പറ്റി ഹർജി ഒന്നും കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു്.

മിസ്റ്റർ ബി. വി. കെ. മേനോൻ : ഹർജികളൊന്നും കിട്ടിയിട്ടില്ല. മിസ്റ്റർ കെ. ടി. അച്യുതൻ എഴുതി അയച്ച ഒരെഴുത്തുമാത്രം കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു് : രണ്ടു മൂന്നു് ഹർജികൾ അയച്ചിട്ടുള്ളതായി എനിക്കറിയാം.

മിസ്റ്റർ ബി. വി. കെ. മേനോൻ : ഞങ്ങൾക്കു കിട്ടിയിട്ടില്ല. പോലീസ് കമ്മീഷണർക്കും കിട്ടിയിട്ടില്ലെന്നാണു് അന്വേഷിച്ചതിൽനിന്നറിയുന്നതു്.

മിസ്റ്റർ കെ. ടി അച്യുതൻ : ഒരു ബസ്സു കൂടുതലിട്ടതുകൊണ്ടു ജനങ്ങൾക്കു യാത്ര ചെയ്യാനുള്ള സൌകര്യം പൂത്തിയായി എന്നാണോ വിചാരിക്കുന്നതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇപ്പോൾ ബസ്സുകൾ കിട്ടാൻ കുറച്ചു ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ : ഒരു ബസ്സുതന്നെ ൫ ൦ മിനിട്ടു് ഇടവിട്ടു് ഓടിക്കുന്നതു് ൫ ൦ മിനിട്ടു് ഇടവിട്ടോടിച്ചു ടിപ്പു കൂട്ടാൻ സാദ്ധ്യമല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. വി. കെ. മേനോൻ : ഈ കാര്യങ്ങളൊക്കെ ആലോചിക്കാൻ അനുദ്യോഗസ്ഥാംഗങ്ങളടങ്ങിയ ഒരു ടാൻസ്പോർട്ട്ബോർഡു വെച്ചിട്ടുണ്ട്. അവരെക്കൊണ്ട് ഇതൊക്കെ ചെയ്യിക്കാമല്ലൊ. മിസ്റ്റർ അച്യുതന്റെ കംപ്ലെയിന്റ് കിട്ടിയപ്പോഴാണ് ആ ലൈനിൽ ഒരു ബസ്സുകൂടി കൂട്ടിയതു്. ഇത്തരം കാര്യങ്ങൾ ബോർഡു ചിന്തിക്കുന്നതാണ്.

മിസ്റ്റർ പി. ശങ്കരമേനോൻ : ഈ ടാൻസ്പോർട്ട് അതോറിട്ടിയിലെ അനുദ്യോഗസ്ഥാംഗങ്ങൾ ആരെല്ലാമാണ് ?

മിസ്റ്റർ ബി. വി. കെ. മേനോൻ : മിസ്റ്റർ ലോനപ്പൻ, മിസ്റ്റർ മാറായി നാണു മേനോൻ.

മിസ്റ്റർ പി. ശങ്കരമേനോൻ : അവർ ബസ്സിൽ സഞ്ചരിക്കാത്തവരാണെന്ന ഗവമ്മെണ്ടിനറിയാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അവക്ക് കാർ ഉണ്ടെന്നറിയാം.

മിസ്റ്റർ പി. ശങ്കരമേനോൻ : കാറിൽ സഞ്ചരിക്കുന്നവക്ക് ബസ്സുയാത്രക്കാരുടെ ബുദ്ധിമുട്ടറിയുവാൻ സാദ്ധ്യമല്ലെന്ന ഗവമ്മെണ്ടിനറിയാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ബസ്സുയാത്രക്കാരുടെ ബുദ്ധിമുട്ടുകളറിവാൻ ബസ്സിൽ തന്നെ സഞ്ചരിക്കണമെന്നില്ല.

മിസ്റ്റർ പി. ശങ്കരമേനോൻ : ഈ രണ്ടു മെമ്പർമാരും ബസ്സുയാത്രക്കാരുടെ ബുദ്ധിമുട്ടുകൾ അന്വേഷിക്കുന്നുണ്ടെന്ന ഗവമ്മെണ്ടിനു പറയാൻ സാധിക്കുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അന്വേഷിക്കുന്നില്ല എന്നു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. ശങ്കരമേനോൻ : കാർ ഇല്ലാത്ത രണ്ടുപേരെ ടാൻസ്പോർട്ട് അതോറിട്ടിയിലേക്ക് എടുക്കാൻ ഭയവുണ്ടാകുമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ആലോചിക്കാം.

മിസ്റ്റർ പി. മാണി : കാർ ഇല്ലാത്തതു് ഒരു ഡിസ്ക്വാളിഫിക്കേഷനാകുമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവീതു് : കാഞ്ഞാണി ലൈനിൽ ന്യൂ ബസ്സുകൾ ഓടിയിരുന്നതു് ഇപ്പോൾ രണ്ടു ബസ്സേ ഓടുന്നുള്ളു. അതുകൊണ്ടു ധാരാളം ബുദ്ധിമുട്ടു ജനങ്ങൾക്കു നേരിടുന്നുണ്ടോ എന്നറിയാമോ ?

Mr. B. V. K. Menon *(Secretary to Government)* : I want notice.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ടാൻസ്പോർട്ട് അതോറിട്ടിയിലുള്ള രണ്ടു് അനുദ്യോഗസ്ഥ മെമ്പർമാർക്കു ബസ്സുയാത്രക്കാരുടെ ബുദ്ധിമുട്ടിനെപ്പറ്റി എന്തെങ്കിലും അറിയാമോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അവർ അറിഞ്ഞിരിക്കുമെന്നാണ് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഈ ടാൻസ്പോർട്ട് അതോറിട്ടിയിലുള്ള മെമ്പർമാർ ആരൊക്കെയാണ് ?

മിസ്റ്റർ ബി. വി. കെ. മേനോൻ : കമ്മിറ്റിയുടെ ചെയർമാൻ പോല്ലിസ്സ് കമ്മീഷണരാണ്. കമ്മിറ്റിമെമ്പർമാർ ചീഫ് എഞ്ചിനീയർ, അഞ്ചൽ & റജിസ്ട്രേഷൻ സൂപ്രഡണ്ടു്, മിസ്റ്റർ മാറായിൽ നാണുമേനോൻ, മിസ്റ്റർ ലോനപ്പൻ ഇവരാണ്. കമ്മീഷണരുടെ പേഴ്സനൽ അസിസ്റ്റാണ്ടു് ഇതിന്റെ സെക്രട്ടറിയാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : ഈ മെമ്പർമാരിൽ കാറിൽ സഞ്ചരിക്കാത്തവർ എത്രയുണ്ടു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അഞ്ചൽ ആൻറ് റജിസ്ട്രേഷൻ സൂപ്രഡണ്ടു് സാധാരണ ബസ്സിലാണ് സഞ്ചരിക്കാറുള്ളതു് എന്നു് എനിക്കറിയാം.

മിസ്റ്റർ ജോസ് കെ. വള്ളിസ്സ് : ടാൻസ്പോർട്ട് അതോറിട്ടിയുടെ ലാസ്റ്റ് മീറ്റിംഗ് എന്നായിരുന്നു ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അതിനു നോട്ടീസ്സു വേണം.

മിസ്റ്റർ ജോസ് കെ. വള്ളിസ്സ് : ചീഫ് എഞ്ചിനീയർ ഈ കമ്മിറ്റിയിൽ മെമ്പറാണെന്നു പറഞ്ഞുവല്ലൊ. അദ്ദേഹത്തിനു് അതു പറയുവാൻ സാദ്ധ്യമല്ലെ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഞാൻ ഇപ്പോൾ അതിൽ മെമ്പറല്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. B. V. K. Menon *(Secretary to Government)* : The Chief Engineer is not a regular member of the committee but functions in an advisory capacity.

മിസ്റ്റർ പി. നാരായണമേനോൻ: യാത്രക്കാക്കു് അസൌകര്യം ഉണ്ടാകുന്നതിന്റെ ഒരു കാരണം ബസ്സുകൾക്കു് അനുവദിച്ചിട്ടുള്ള ടിപ്പു് മുഴുവൻ എടുക്കാത്തതുകൊണ്ടാണെന്നു് ഗവണ്മെണ്ടു് മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മനസ്സിലാക്കീട്ടില്ല. ഒരുപക്ഷെ അങ്ങിനെയായിരിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ടിപ്പു് മുടക്കിയതിനു് ഏതെങ്കിലും ഒരു ബസ്സുകാരനെ ശിക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: നോട്ടീസ്സു് വേണം.

Mr. Paramel Ipe Ipe *(Kunnamkulam)*: Has the Government accepted it as a definite policy that when new applications come for starting new services to refuse those applications?

Mr. B. V. K. Menon *(Secretary to Government)* : No.

Mr. Paramel Ipe Ipe *(Kunnamkulam)* : May I know whether any application has been received for starting new services?

Mr. B. V. K. Menon *(Secretary to Government)*: I want notice.

മിസ്റ്റർ പി. നാരായണമേനോൻ: ബസ്സു് കേടു് വരികയൊ, മറ്റെന്തെങ്കിലും സംഗതിവശാൽ തരക്കേടു പറകയൊചെയ്താൽ ടിപ്പു മുടക്കാതെയിരിക്കുവാൻ ഒരു സ്പെയർ ബസ്സു വേണമെന്നു് നിബ്ബന്ധമുണ്ടു്. എല്ലാ ബസ്സു സർവ്വീസ്സുകാക്കും അങ്ങിനെ സ്പെയർ ബസ്സു് ഉണ്ടൊഎന്നുള്ളതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിനു് മുമ്പു് ഇവിടെ ഒരു കടമോക്രസി വന്നപ്പോൾ ഫ്രീറു് ഓണേഴ്സിന്നല്ലാതെ മറ്റുള്ളവക്കും ബസ്സു ഓടിക്കുവാൻ അനുവാദം കൊടുക്കുമെന്നാണു് ഗവണ്മെണ്ടിന്റെ മറുപടിയിൽനിന്നു് മനസ്സിലായതു്. അതുപോലെ ചെയ്യുവാൻ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇപ്പോഴത്തെ നിയമമനുസരിച്ചു നിവൃത്തിയില്ല. ഈനിയമം മാറുമ്പോൾ അങ്ങിനെ ചെയ്യാവുന്നതാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇപ്പോഴുള്ള നിയമത്തിൽ വല്ല മാറ്റവും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതല്ലെ ഞാൻ പറഞ്ഞതു്. ഇപ്പോഴുള്ള നിയമമനുസരിച്ചു് എന്തെല്ലാമുണ്ടോ അതൊക്കെചെയ്യും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ ഫ്രീറു ഓണേഴ്സു് സമ്പ്രദായത്തിൽ വല്ലതും മാറ്റംവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇപ്പോഴുള്ള സിസ്റ്റത്തിൽനിന്നു് മാറ്റണമോ, വേണ്ടയോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചു് വേണ്ടതു് ചെയ്യും.

Mr. Paramel Ipe Ipe *(Kunnamkulam)* : Is it a fact that the Government refused the application from one person that he is prepared to start a fleet owner bus service?

Mr. B. V. K. Menon *(Secretary to Government)*: I want notice.

മിസ്റ്റർ സി. എസ്സു്. പണിക്കർ: ഈ ഫ്രീറു് ഓണേഴ്സു് സിസ്റ്റം നടപ്പിൽ വരുത്തികഴിഞ്ഞുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇപ്പോഴത്തെ ഉദ്ദേശം ഫ്രീറു് ഓണേഴ്സു് സിസ്റ്റം നടപ്പിൽവരുത്തണമെന്നാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇപ്പോൾ ഈ സിസ്റ്റത്തെ സംബന്ധിച്ചു് ഇവിടെ നടന്ന വാദപ്രതിവാദത്തെ കുറിച്ചു് ഗവണ്മെണ്ടു് കാര്യമായി ഗൌനിക്കുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: തീർച്ചയായിട്ടും ഗൌനിക്കും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ടാൻസ്പോർട്ടു് അതോറിറ്റിയിലെ ഇന്നത്തെ മെമ്പർമാരുടെ കാലാവധി എന്നാണു് തീരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. വി. കെ. മേനോൻ: ആദ്യം അവരെ ഒരു കൊല്ലത്തേക്കാണ് വെച്ചിരിക്കുന്നത്. അവരെ ഇനി എപ്പോൾ വേണമെങ്കിലും മാറാം. ഇപ്പോഴും അവർതന്നെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്.

മിസ്റ്റർ പി. ശങ്കരമേനോൻ: ഇനിയെങ്കിലും ഇവരെ ഒന്നു മാറ്റുവാൻ ആലോചിക്കാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ആലോചിക്കാം.

Mr. M. K. Raja *(Mulakunnathukavu)*: Will the Government kindly take note from the trend of discussion on this question that there are very serious complaints from the passenger public with regard to the difficulties experienced by them in the various bus services in the State?

Mr. B. V. K. Menon *(Secretary to Government)*: Yes. As a matter of fact the very idea of this fleet ownership is to increase the convenience of the travelling public and Government will be only very anxious to do anything which will promote their convenience and comforts.

Mr. M. K. Raja *(Mulakunnathukavu)*: In view of that will the Government consider the question of giving more representation to the ordinary passenger public in the Transport Authority Committee?

Mr. President: They are very useful suggestions. Note will be taken of these suggestions.

ERNAKULAM—MATTANCHERI BUS SERVICE

224. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തുനിന്നു മട്ടാഞ്ചേരിയിലേക്കു സർവ്വീസ് ഓടിക്കുന്നതിനു ആക്കെല്ലാം അനുവാദം കൊടുത്തിട്ടുണ്ട്; ഇവർ ഓരോരുത്തരും എത്ര ബസ്സുകൾ ഈ ലൈനിൽ ഓടിക്കുന്നുണ്ട്;

(ബി) ഈ ലൈനിൽ ബസ്സ് സർവ്വീസ് നടത്തുന്നതിനു വേറെ ആരെങ്കിലും പർമിറ്റ്-ൽ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം; അവരുടെ അപേക്ഷകൾ സംബന്ധിച്ചു എന്തു തീരുമാനം ചെയ്തു;

(സി) അവരുടെ അപേക്ഷകൾ നിഷേധിച്ചെങ്കിൽ അതിനു കാരണമെന്ത്;

(ഡി) എറണാകുളത്തുനിന്നു മട്ടാഞ്ചേരിക്കു ഒരു യാത്രക്കാരന്റെ പക്കൽനിന്നു fare എത്രയാണ് നിശ്ചയിച്ചിരിക്കുന്നതു; എത്ര മൈൽ ഉണ്ടു;

(ഇ) ഈ ലൈനിൽ കഴിഞ്ഞ മേടം, ഇടവം, മിഥുനം എന്നീ മാസങ്ങളിൽ overload-നു് ഏതെങ്കിലും ബസ്സുകൾ ചാർജ്ജുചെയ്തിട്ടുണ്ടോ;

(എഫ്) ഇപ്പോൾ എറണാകുളം മുതൽ മട്ടാഞ്ചേരിവരെ ഒരു യാത്രക്കാരനിൽനിന്നും വസൂലാക്കുന്ന ബസ്സ് fare എന്തിനെ അടിസ്ഥാനപ്പെടുത്തി നിർണ്ണയിച്ചിട്ടുള്ളതാണ്; അതു് കുറവുചെയ്യുന്നതിനു ആലോചനയുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) പി. എസ്സ്. എൻ. സർവ്വീസ്, പയനീർ ലോറി സർവ്വീസ് ഇവരിൽ ഒരോരുത്തരും നാലു ബസ്സുകൾ വീതം ഓടിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ മാർച്ചിനെ ഉദ്ദേശിച്ചാണ് ചോദ്യമെങ്കിൽ ടി കൊല്ലത്തിൽ ആരുംതന്നെ അപേക്ഷിച്ചിട്ടില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) 8 അണ.

(14 മൈൽ)

(ഇ) ഉവ്വ്.

(എഫ്) കരിയുടെ അധികവില; എറണാകുളത്തും, മട്ടാഞ്ചേരിയിലും ഷെഡ്ഡുകൾക്കുള്ള കൂടുതൽ വാടക; ഡ്രൈവർ, കണ്ടക്ടർ ഇവരുടെ അധികശമ്പളം; Willingdon Island through route permit-നുള്ള കൂടുതൽ ചിലവു്; രണ്ടു് മുനിസിപ്പൽ പങ്കത്തിനുള്ള ചിലവു് ഇവകളെ ഗണിച്ചാണ് fare നിർണ്ണയിച്ചിട്ടുള്ളതു്. കുറവുചെയ്യേണ്ട ആലോചന ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly